Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ

261(567) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾ എത്രയാണെന്നറിയിക്കുമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികളും 84531 അനുബന്ധ മത്സ്യത്തൊഴിലാളികളുമുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ നേരിട്ടാണോ മറ്റേതെങ്കിലും ഏജൻസി മുഖാന്തരമാണോ ആനുകൂല്യം നൽകിവരുന്നത്; ആണെങ്കിൽ ഏതൊക്കെ ഏജൻസികൾ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ്/ മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി, തണൽ പ്രത്യേക ധനസഹായങ്ങൾ തുടങ്ങിയവ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയും വായ്പാ പദ്ധതികൾ മത്സ്യഫെഡ് മുഖേനയും മത്സ്യത്തൊഴിലാളി വനിതകൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതികൾ സാഫ് വഴിയും നടപ്പിലാക്കിവരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു വരുന്നു.

ഫിഷറീസ് വകുപ്പിന് കീഴിലെ പദ്ധതികൾ

262 (568) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനുകീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എത്ര തുക വീതമാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പദ്ധതികൾ പുരോഗമിക്കുന്നു. വിനിയോഗിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പദ്ധതികളുടെ ബഡ്ജറ്റ് അലോക്കേഷൻ, ഭരണാനുമതി എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

പുനർഗേഹം പദ്ധതി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് അനുവദിക്കുന്നത്. മറ്റ് പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിനുകീഴിൽ വടകര നിയോജകമണ്ഡലത്തിൽ ചെലവാക്കിയ തുക എത്രയാണ്; ഏതൊക്കെ പദ്ധതികളിലായാണ് ഈ തുക ചെലവാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 607.56 ലക്ഷം രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾക്ക് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

263 (569) ശ്രീ. പി. പി. ചിത്തരഞ്ജൻ:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങളും താഴെ പറയുന്നു.

1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി ആലപ്പുഴ മണ്ഡലത്തിലും നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിൽ 228 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മണ്ണംപുറത്ത് ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.